28079

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ആർ.എം.എസ്.എ സഹായത്തോടുള്ള സർക്കാർ സ്കൂളുകളിലെ യു.പി സെക്ഷനുകളിലേക്ക് ഹൈസ്കൂൾ പ്രധാന അദ്ധ്യാപകരെ ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംങ് ഓഫീസർമാരായി ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ.) നം. 875 / 2017/ പൊ.വി.വ　　　　　　തീയതി, തിരുവനന്തപുരം, 29.03.201

---

പരാമർശം:- 1) സ.ഉ(എം.എസ്) നം.238/2010 പൊ.വിവ തീയതി16.11.2010

2) സ.ഉ(എം.എസ്) നം.309/2012 പൊ.വിവ തീയതി29.09.2012

3) സ.ഉ(എം.എസ്) നം.210/2013 പൊ.വിവ തീയതി11.07.2013

4) സ.ഉ(എം.എസ്) നം.249/2013 പൊ.വിവ തീയതി07.09.2013

5) സ.ഉ(എം.എസ്) നം.173/2016 പൊ.വിവ തീയതി07.10.2016

6) സീനിയർ അക്കൗണ്ടസ് ആഫീസർ, പ്രിൻസിപ്പൽ ആക്കൗണ്ടന്റ് ജനറൽ ഓഫീസ് തൃശ്ശൂർ ലെ 20.01.2017 കത്ത്.

7) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.02.2017 ലെ ഡി4/496/2017/ഡി.പി.ഐ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരമാർശം (1) മുതൽ (4) വരെയുള്ള ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ സ്കൂളുകളിൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം ഹൈസ്കൂളുകൾ ആരംഭിക്കുകയുണ്ടായി. ഇപ്രകാരം ആർ.എം.എസ്.എ പദ്ധതിപ്രകാരം ഹൈസ്കൂളുകളായി ഉയർത്തപ്പെട്ട സ്കൂളുകളെല്ലാം തന്നെ സർക്കാർ സ്കൂളുകളായതിനാൽ ടി സ്കൂളുകളെ ആർ.എം.എസ്.എ സഹായത്തോടെയുള്ള സർക്കാർ സ്കൂളുകളായി പരമാർശം (5) ലെ ഉത്തരവ് പ്രകാരം പുന:നാമകരണം ചെയ്യുകയുണ്ടായി. ആർ.എം.എസ്.എ പദ്ധതി പ്രകാരം ഉയർത്തപ്പെട്ട ഹൈസ്കൂളുകളിൽ പ്രാധാന അദ്ധ്യാപക തസ്തിക നിലവിലുള്ളതിനാൽ പരമാർശം 5 ഉത്തരവ് പ്രകാരം യുപി സ്കൂളിലെ പ്രധാന അദ്ധ്യാപക തസ്തിക നിർത്തലാക്കിയും ടി അദ്ധ്യാപകരെ മറ്റ് സ്കൂളുകളിൽ പുന:വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ നിലവിൽ ഈ സ്കൂളുകളിൽ യു.പി വിഭാഗത്തിൽ പ്രധാന അദ്ധ്യാപകർ ഇല്ലാത്തതിനാൽ യു.പി വിഭാഗം അദ്ധ്യാപകഅനദ്ധ്യാപക വിഭാഗത്തിലുള്ളവർക്ക് ശമ്പളം ലഭ്യമാക്കിയിട്ടില്ല എന്നും അതിനാൽ ആർ.എം.എസ്.എ പദ്ധതി പ്രകാരം ഉയർത്തപ്പെട്ട സ്കൂളുകളിലെ യു.പി വിഭാഗത്തിലുള്ള അദ്ധ്യാപകഅനദ്ധ്യാപക തസ്തികയിലുള്ളവർക്ക് ശമ്പളം സ്പാർക്ക് മുഖേന ലഭ്യമാക്കുന്നതിനായി ഹൈസ്കൂൾ പ്രധാന അദ്ധ്യാപകരെ ഡി.ഡി.ഒ മാരായി ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (7) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആർ.എം.എസ്.എ സഹായത്തോടെയുള്ള സർക്കാർ സ്കൂളുകളിലെ യുപി വിഭാഗത്തിൽ പ്രധാന അദ്ധ്യാപക തസ്തിക നിർത്തലാക്കിയതിനാൽ യുപി സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിൽ ഉള്ളവർക്ക് ശമ്പളം സ്പാർക്ക് മുഖേന ലഭ്യമാക്കുന്നതിനായി ആർ.എം.എസ്.എ സഹായത്തോടുള്ള സർക്കാർ സ്കൂളുകളിലെ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകരെ യു.പി വിഭാഗത്തിന്റെ കൂടി ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംങ് ഓഫീസർമാരായി ചുമതലപ്പെടുത്തി ഉത്തരവു പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കൃഷ്ണകുമാർ പി.സ്

അഡീഷണൽ സെക്രട്ടറി

സെക്രട്ടറിക്കുവേണ്ടി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

[illegible] അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Dup

സെക്ഷൻ ഓഫീസർ